## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 537

09.02.2016-ൽ
മറുപടിയ്ക്ക്

## മാവൂർ ഗ്രാസിം ഭൂമി

| ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | മാവൂർ ഗ്രാസിം ഭൂമിയിൽ പുതിയ വ്യവസായ പദ്ധതികൾക്കായി എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചതിനുശേഷം സർക്കാരും, കമ്പനി അധികൃതരുമായി കമ്പനി പ്രവർത്തിച്ചുവന്ന ഭൂമിയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിരവധി തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഗ്രാസിം കമ്പനി പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച പദ്ധതികളൊന്നും തന്നെ പ്രാവർത്തിക യോഗ്യമായിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 17.09.2015 ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കു യോജിച്ചതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതും, പെട്ടെന്ന് നടപ്പിൽ വരുത്താവുന്നതുമായ ഒന്നോ രണ്ടോ പ്രവർത്തനയോഗ്യമായ പദ്ധതികളുമായി മുന്നോട്ടു വരണമെന്ന് കമ്പനി പ്രതിനിധികളോട് സർക്കാർ ആവശ്യപ്പെട്ടിരുന്നു. മാവൂർ ഗ്രാസിം ഭൂമിയിൽ വ്യവസായ പദ്ധതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര 13.01.2016 -ൽ ബിർല മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചയിൽ ബിർല ഗ്രൂപ്പ് മാവൂർ ഭൂമിയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇവ സമയ ബന്ധിതമായി തന്നെ നടപ്പാക്കാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. |
| ബി) | ഏതെങ്കിലും പദ്ധതി സ്ഥാപിക്കാൻ ബിർളാ മാനേജ്മെന്റ് സന്നദ്ധമായിട്ടുണ്ടോ; | ബി) | 13.01.2016 ൽ ബിർല ഗ്രൂപ്പുമായി കിൻഫ്ര അധികൃതർ നടത്തിയ ചർച്ചയിൽ താഴെ പറയുന്ന പദ്ധതികൾ ഗ്രാസിം ഭൂമിയിൽ നടത്തുന്നതിന് ബിർല ഗ്രൂപ്പ് സമ്മതം അറിയിച്ചിട്ടുണ്ട്.<br>• ജനറൽ മാനുഫാക്ചറിംഗ് & സർവീസ് പാർക്ക് - 100 ഏക്കർ.<br>• ഹൈടെക് മാനുഫാക്ചറിംഗ് & സർവീസ് പാർക്ക് - 50 ഏക്കർ<br>• നൈപുണ്യ വികസന പാർക്ക് - 75 ഏക്കർ<br>• സാമൂഹ്യ അടിസ്ഥാന വികസനവും അനുബന്ധ പദ്ധതികളും - 100 ഏക്കർ. |
| സി) | ഇല്ലെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | സി) | 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**